ശ്രീ. കെ. കെ. അബു: ഇനിമേലിലുള്ള നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടു എന്നു മന്ത്രി പറയുകയുണ്ടായി. കോർപ്പറേഷനു നേരിട്ട് നിയമിക്കാവുന്ന താൽക്കാലികാടിസ്ഥാനത്തിലുള്ള വല്ല പ്രത്യേക നിയമനവുമുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഇനി മേലിലുള്ള നിയമനങ്ങളെന്നു പറഞ്ഞാൽ നവംബർ ഒന്നാം തീയതി ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം ഒറ്റ ആളെപ്പോലും കോർപ്പറേഷനിൽ നിയമിച്ചിട്ടില്ല. ഈ നവംബർ ഒന്നാം തീയതി മുതലുള്ള മുഴുവൻ നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിടുകയാണു ചെയ്തത്. ഇങ്ങനെ പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടതിൽ ഏറ്റവും താഴെക്കിടയിലുള്ള സ്ക്കാവഞ്ചർ സ്വീപ്പർ എന്നീ രണ്ടു വിഭാഗത്തിലുള്ള നിയമനങ്ങൾ പബ്ളിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുന്നത് ശരിയല്ലെന്നു അഭിപ്രായമുള്ളതുകൊണ്ടാണ് ഈ രണ്ടു വിഭാഗക്കാരേയും നിയമിക്കുന്നതിനുള്ള അധികാരം പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കാത്തത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങു പറഞ്ഞിട്ടുള്ള ഈ ഉത്തരവിൽത്തന്നെ രണ്ടു വർഷത്തേക്ക് താൽകാലികമായി നിയമിക്കാൻ അധികാരമുണ്ട്, രണ്ടു കൊല്ലത്തേക്കു കോൺട്രാക്ടാടിസ്ഥാനത്തിൽ നിയമിക്കാൻ അധികാരമുണ്ട്. ഇങ്ങനെ നിയമിക്കുന്നത് മാനേജരായിരിക്കും. ഇതുപോലെ ചിലതെല്ലാം വിട്ടുകൊടുത്തിട്ടുണ്ട്. മാനേജർക്ക് നിയമിക്കാൻ അധികാരമുണ്ടെന്ന് ഇപ്പോഴം പറഞ്ഞ സ്ക്കാവഞ്ചർ, സ്വീപ്പർ, പ്യൂൺ തുടങ്ങിയ പലരേയും പിരിച്ചുവിട്ടിട്ടുണ്ട്. എതാണ്ട് 85 പേർ ഉണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ 85 പേരെ പിരിച്ചു വിട്ടതിന് എന്തു ന്യായമാണ് പറയാനുള്ളത്. അപേക്ഷ ക്ഷണിച്ച് ഇൻറർവ്യൂ നടത്തുന്നതിൽ പെടുന്നതല്ല.

ശ്രീ. കെ. എം. ജോർജ്: സ്കാവഞ്ചർ, സ്വീപ്പർ തുടങ്ങിയവ പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്ന് പറയുന്നതു ശരിയല്ല. അങ്ങനെ ചെയ്താൽ ചില പ്രദേശങ്ങളിൽ മനുഷ്യർക്ക് നിൽക്കാൻ പ്രയാസമുണ്ടാകും. അവരെ മാത്രം നിയമിക്കുന്നതിന് മാനേജർക്ക് അധികാരം കൊടുക്കേണ്ടത് നമ്മുടെ പൊതുവായ ആവശ്യമാണ്. അങ്ങനെയുള്ള ആളുകളെപ്പോലും എംപ്ലോയ്മെൻറ് എക്സ്ചേയ്ഞ്ചിൽനിന്നു വിളിച്ചേ നിയമിക്കാൻ പാടുള്ളൂ. അതല്ലാതെ അവരവരുടെ ഇഷ്ടം പോലെ നിയമിക്കുകയല്ല ചെയ്യേണ്ടത്. അവരെ പിരിച്ചുവിട്ടു എന്നു പറയുന്നത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന അല്ലാതേയും നിലവിലിരിക്കുന്ന സ്റ്റാൻഡിംഗ് ഓർഡറിനും റൂളിനും എതിരായും നിയമിച്ചിട്ടുള്ളതായതുകൊണ്ടാണ്. ഇങ്ങനെയുള്ളവർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്താൽ അവരേയും നിയമിക്കുന്നതിനു യാതൊരു വിരോധവുമില്ല.

WRITTEN ANSWERS

ചിട്ടി കോർപ്പറേഷൻ

* 16 (31) ശ്രീ. എം. രാമുണ്ണി:

ശ്രീ. കെ. കെ. അബു: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

ചിട്ടി കോർപ്പറേഷൻറെ ചെയർമാനായി നിയമിതനായ മുൻ മന്ത്രി ശ്രീ. പി. ആർ. കുറുപ്പ് രാജിവയ്ക്കാനുള്ള കാരണങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ): കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രയിസസിന്റെ ചെയർമാനായി മുൻമന്ത്രി ശ്രീ പി. ആർ. കുറുപ്പിനെ നിയമിച്ചു എങ്കിലും അദ്ദേഹം ആ നിയമനം സ്വീകരിച്ചില്ല. അതുകൊണ്ട് അദ്ദേഹം രാജി വയ്ക്കുന്ന പ്രശ്നമേ ഉദിക്കുകയുണ്ടായില്ല.

ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്കുള്ള ആനുകൂല്യങ്ങൾ

* 17 (33) ശ്രീ. ജെ. കമാലിയാസ് മൊറായിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967 ആരംഭം മുതൽ 1969 അവസാനം വരെ ഗവൺമെൻറ് ഉദ്യോസ്ഥൻമാരുടെ ശമ്പള സ്കെയിലും ക്ഷാമബത്ത മുതലായ ആനുകൂല്യങ്ങളും എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി എത്രകോടിരൂപാ അധികച്ചെലവുണ്ടായി;

(സി) സർക്കാർ ജീവനക്കാർക്ക് വേണ്ടി ചെലവാകുന്ന തുക റവന്യൂ വരവിന്റെ എത്ര ശതമാനമാണ്?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ) ശമ്പളസ്കെയിലുകളും രണ്ടു പ്രാവശ്യം പരിഷ്കരിച്ചു. 1968-ൽ വില്ലേജ് സ്റ്റാഫിനേയും മറ്റ് താഴ്ന്ന വരുമാനക്കാരുടേയും പിന്നീട് 1969-ൽ പൊതു ശമ്പള പരിഷ്കരണവും. ക്ഷാമബത്ത നാലു പ്രാവശ്യം പരിഷ്കരിച്ചു. 1-1-1967 മുതലും 1-12-1967 മുതലും 1-8-1968 മുതലും 1-4-1969 മുതലും.

(ബി) പ്രതിവർഷ അധികച്ചെലവ് 20.66 കോടി രൂപയാണ്. കൂടാതെ 1-7-1968 മുതൽ 31-3-1969 വരെയുള്ള കാലത്തേക്ക് കുടിശികയിനത്തിൽ 2.25 കോടി രൂപായുടെ അധികച്ചെലവുകൂടി തന്നാണ്ടിൽ ഉണ്ടാകും.

(സി) എയിഡഡ് സ്കൂൾ ജീവനക്കാരുടേയും സർക്കാർ ജീവനക്കാരുടേയും ശമ്പളവും മറ്റ് അലവൻസുകളും കൊടുക്കുന്നതിന് ചെലവാകുന്ന തുക സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരവിന്റെ 64 ശതമാനമാകുന്നു.

Minimum Wage for tapping Workers

* 18. [37] **Shri S. P. Luiz :** Will the Industries Minister be pleased to state:

(a) Has the Government fixed any minimum wage for tapping workers, in the Rubber Estates;

(b) If so what is the rate of wage fixed;

(c) Is the rate thus fixed applicable to estates not coming under the Plantation Act;

(d) In the matter of fixation of wage rates in rubber estates, were the owners or managements of small plantations consulted?

LIBRARY ARCHIVES Kerala Legislative Assembly